പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1393 03.10.2016 - ൽ മറുപടിയ്ക്ക്

## അവയവ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ചാർജ്ജ്

| ചോദ്യം<br>ശ്രീ. എം.എം.മണി | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
|---|---|
| (എ) സ്വകാര്യ ആശുപത്രികളിൽ നടത്തുന്ന കരൾമാറ്റ ശസ്ത്രക്രിയ, ഹൃദയമാറ്റ ശസ്ത്രക്രിയ, വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ എന്നിവയ്ക്ക് ചികിത്സാച്ചെലവ് അധികമായതിനാൽ സാധുക്കൾക്ക് ജനങ്ങളിൽ നിന്നും മറ്റും പിരിവെടുത്ത് ചികിത്സയ്ക്ക് ആവശ്യമായ പണം കണ്ടെത്തേണ്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും ഇത്തരം ശസ്ത്രക്രിയകൾ ചെയ്യുന്നതിന് സൗകര്യം ഏർപ്പെടുത്തി-യിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള സൗകര്യം ഏർപ്പെടുത്തുമോ; | (ബി) ചുവടെ ചേർത്തിരിക്കുന്ന 4 സർക്കാർ മെഡിക്കൽ കോളേജുകളിൽ അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടക്കുന്നുണ്ട്.<br>1) തിരുവനന്തപുരം - കരൾ, വൃക്ക,<br>2) ആലപ്പുഴ - വൃക്ക<br>3) കോട്ടയം - വൃക്ക, ഹൃദയം, ശ്വാസകോശം<br>4) കോഴിക്കോട് - വൃക്ക |
| (സി) കരൾമാറ്റ ശസ്ത്രക്രിയ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ മെഡിക്കൽ കോളേജുകളിൽ പ്രസ്തുത സൗകര്യം ഉണ്ട്; വിശദാംശം നൽകാമോ; | (സി) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) ഇത്തരം ശസ്ത്രക്രിയകൾ സ്വകാര്യ ആശുപത്രികളിൽ യഥേഷ്ടം നടത്തുമ്പോൾ സർക്കാർ മെഡിക്കൽ കോളേജുകളിൽ നടത്താനാവാതെ പോകുന്ന സാഹചര്യം വിശദീകരിക്കുമോ? | (ഡി) സർക്കാർ മെഡിക്കൽ കോളേജിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്ന-തിനനുസരിച്ച് കൂടുതൽ ശസ്ത്രക്രിയകൾ നടത്തുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ